# ലോകസ്നേഹം വെടിയുക

## 1 യോഹന്നാൻ 2:17

"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."

ഈ അദ്ധ്യായത്തിന്റെ 15 മുതൽ 17 വരെ വായിക്കുകയാണെങ്കിൽ നമുക്ക് കാണുവാൻ കഴിയും ലോകത്തോടുള്ള സ്നേഹത്തെയും ദൈവത്തോടുള്ള സ്നേഹത്തെയും കുറിച്ച് യോഹന്നാൻ പ്രതിപാദിക്കുന്നതായി കാണാം. അതിൽ ഏറ്റവും പ്രധാനമായ ഒരു ഭാഗം എന്നു പറയുന്ന വചനമാണ് നാം ഇന്നു ചിന്തിക്കുന്നത്.

എന്താണ് സ്നേഹം എന്ന് നാം എല്ലവർക്കും നന്നായി അറിയാം. ഈ ലോകത്തിൽ പല തരത്തിലുള്ള സ്നേഹമുണ്ടെന്നുമറിയാം. എന്നാൽ ഇവിടെ യോഹന്നാൻ നമുക്ക് കാണിച്ച് തരുന്നത് അതിൽ നിന്നും വ്യത്യസ്തമായ ദൈവ സ്നേഹത്തെക്കുറിച്ചാണ്. ഇന്ന് ഈ ലോകത്തിൽ ആയിരിക്കുമ്പോൾ നാം ഈ അതിലുള്ള പലതിനേയും സ്നേഹിക്കുന്നവരാണ്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ കുടുംബം, മക്കൾ, അവരുടെ ഭവനം, അവന്റെ ജോലി, അങ്ങിനെ ലോകപരമായി നോക്കിയാൽ അവനു സ്നേഹിക്കാൻ പലതും മുമ്പിൽ നിരന്നു നിൽക്കുന്നു. എന്നാൽ ഇതെല്ലാം ഒഴിഞ്ഞുപോകുന്നതാണെന്നു ദൈവത്തിന്റെ വചനം പറയുമ്പോൾ അതു ഉൾക്കൊള്ളാൻ ചിലപ്പോൾ അവനായില്ല എന്നു വരാം. അവിടെയാണ് വചനം നമ്മെ വീണ്ടും ഒരു കാര്യം ഓർമ്മിപ്പിക്കുന്നത്. അത് നമുക്കിപ്രകാരം വായിക്കാം.

1 പത്രോസ് 1:18-19 "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."

അങ്ങിനെയെങ്കിൽ എന്തു കൊണ്ട് നമുക്കിന്ന് ആ മഹത്തരമായ രക്ഷയുടെ വില മനസ്സിലാക്കാൻ കഴിയാതെ പോകുന്നു? നാം ഇന്നു നമ്മോട് തന്നെ ചോദിക്കേണ്ട കാര്യമാണ്. ഇന്നു ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജനത എന്ന ലേബലിൽ നിന്നു കൊണ്ട് ലോകത്തെയും അതിന്റെ മോഹത്തെയും സ്നേഹിക്കുന്നവരാണോ നാം? എങ്കിൽ സ്വയം ചിന്തിക്കുക ഈ കാണുന്ന എന്തെങ്കിലും കാര്യം, അതു നിന്റെ ജോലിയാകട്ടെ, കൂടെയുള്ളവരാകട്ടെ, സമ്പത്താകട്ടെ, ഇന്നു നിനക്കൊരു ആപത്തുണ്ടായാൽ, അല്ലെങ്കിൽ നീ ഒരു പ്രതിസന്ധി ഘട്ടത്തിൽ അകപ്പെട്ടാൽ നിന്നെ രക്ഷിക്കുവാനോ

സമാധാനിപ്പിക്കുവാനോ കഴിയുമെന്നു നീ വിശ്വസിച്ചിട്ടുണ്ടെങ്കിൽ; ഹേ മനുഷ്യാ നിനക്കിന്നു തെറ്റു പറ്റി. കാരണം ഈ ലോകത്തിന്റെ അധിപതിയായ സാത്താൻ നിന്നെ ഒരു മോഹവലയത്തിൽ അകപ്പെടുത്തി വൻ ചതിയിലേക്ക് കടത്തിക്കൊണ്ടു പോകുകയാണ്. അതിന്റെ പര്യവസാനമോ നിത്യ നരകമായിരിക്കും. എന്നാൽ മറിച്ച് നമ്മെ രക്ഷിച്ച് നിത്യജീവനവകാശികളാക്കാൻ ക്രിസ്തു ചെയ്തതെന്ത് എന്നു നാം ഒന്നു ഓർത്തുനോക്കുക.

യോഹന്നാൻ 15:13-14 "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു കൽപ്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ."

ഇന്നു ഒന്നു നാം തീരുമാനിക്കുക ഈ ലോകത്തെയും അതിന്റെ മോഹങ്ങളെയും സ്നേഹിച്ച് സാത്താന്റെ ചതിയിൽ അകപ്പെട്ട് അവന്റെ അടിമയായി ജീവിച്ച് നിത്യ നരകത്തിനവകാശികളായി തീരണോ അതോ നമ്മെ നാം ആയിരിക്കുന്നതു പോലെ അറിയുന്ന ദൈവത്തിന്റെ ഹിതം തിരഞ്ഞ് അവൻ കൽപ്പിക്കുന്നതുപോലെ ചെയ്ത് അവന്റെ സ്നേഹത്താൽ അവന്റെ സ്വന്തമക്കളെന്നെണ്ണുവാനുള്ള അവകാശം ലഭിക്കാനാണോ നമുക്കിഷ്ടം. തിരഞ്ഞെടുക്കേണ്ടത് നാമാണ്. കാരണം, നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു എന്ന് കർത്താവ് തന്നെ വചനത്തിൽ ഓർമ്മിപ്പിക്കുന്നു. ആ തിരഞ്ഞെടുപ്പ് സ്വീകരിക്കുവാനുള്ള മനസ്സ് നമുക്കുണ്ടോ? സമർപ്പണബോധമുള്ള ഒരു മനസ്സിനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
യോഹന്നാൻ 15:18-19
"ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു എന്നു അറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു."

ബ്രദർ ബിനു ബേബി ആലപ്പുഴ 042